മെട്രോ വാർത്ത

22 September 2017

# കൊച്ചിയിൽ ഹിറ്റായി മണ്ണില്ലാ നടീൽ മിശ്രിതം

കൊച്ചി: കൃഷിചെയ്യാൻ ആഗ്രഹമുണ്ട് പക്ഷേ മണ്ണുവേണ്ടേ... വീട്ടിൽ അടുക്കളത്തോട്ടം നിർമിച്ചൂടെ എന്ന ചോദ്യത്തിന് ഉത്തരമായി പലരും പറയുന്ന പ്രധാന കാരണമാവും ഇത്. എന്നാൽ കൃഷിചെയ്യാൻ മണ്ണില്ലെന്ന ആശങ്ക ഇനിവേണ്ട അതിനൊരു പരിഹാര മാർഗവുമായിയാണ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) കീഴിലെ എറണാകുളം കൃഷിവിജ്ഞാന കേന്ദ്രം (കെവികെ) വികസിപ്പിച്ച പുതിയ മണ്ണില്ലാ നടീൽ മിശ്രിതം കൊച്ചിക്കാർക്കിടയിൽ അവതരിപ്പിച്ചത്. ദിവസങ്ങൾ കൊണ്ടുതന്നെ മിശ്രിതം വൻ ഹിറ്റായി. മണ്ണിന് പകരമായി ഉപയോഗിക്കാവുന്ന പോഷക സമ്പുഷ്ടമായ നടീൽ മിശ്രിതം പൊതുജനങ്ങൾക്കായി പരിചയപ്പെടുത്തുന്നതിന് വേണ്ടി സംഘടിപ്പിച്ച വിപണ മേളയിൽ വൻതിരക്കാണ് അനുഭവപ്പെട്ടത്. ആയിരത്തോളം പേരാണ് മിശ്രിതംവാങ്ങാനായി സിഎംഎഫ്ആർഐയിൽ എത്തിയത്. മേളയിൽ 5000ത്തോളം പായ്ക്കറ്റുകൾക്ക് മുൻകൂർ ബുക്കിങ് ലഭിച്ചിട്ടുണ്ട്.

നഗരപ്രദേശങ്ങളിൽ ജൈവ കൃഷി ചെയ്യുന്നവർക്ക് ഏറെ അനുഗ്രഹമാണ് കെവികെ വികസിപ്പിച്ച പുതിയ നടീൽ മിശ്രിതം. മണ്ണിന്റെ ദൗർലഭ്യം നേരിടുന്ന നഗരത്തിൽ പോഷകമൂല്യം കൂടിയ മണ്ണില്ലാ മിശ്രിതത്തിന്റെ പത്ത് കിലോയുടെ ഒരു പായക്കറ്റിൽ ഗ്രോബാഗ് ഇല്ലാതെ തന്നെ നേരിട്ട് കൃഷിചെയ്യാം. ഒരു പായ്ക്കറ്റിൽ ഒരു തൈ എന്ന നിരക്കിലാണ് കൃഷി ചെയ്യേണ്ടത്.

മിശ്രിതം വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദനം നടത്താൻ താൽപര്യമറിയിച്ചും നിരവധി പേർ മേളയിലെത്തി. സംരംഭകരാകാൻ താൽപര്യമറിയിച്ചവർക്ക് കൃഷിവിജ്ഞാന കേന്ദ്രത്തിന് കീഴിൽ പിന്നീട് പരിശീലനം നൽകും. താൽപര്യമുള്ള സ്വയം സഹായക സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, മറ്റുള്ളവർക്കും കൃഷിവിജ്ഞാന കേന്ദ്രത്തെ സമീപിക്കാവുന്നതാണ്.

→

*എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം വികസിപ്പിച്ച മണ്ണില്ലാ നടീൽ മിശ്രിതം വാങ്ങാനെത്തിയവർ.*

